"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്- കോഴിക്കോട് ജില്ലാ പഞ്ചായത്ത് - എസ്.പി.സി.എ (Society for Prevention of Cruelty to Animals)യിൽ നിന്നും വിരമിച്ച ശ്രീ.പി.രവീന്ദ്രൻ എന്നവർക്ക് 2025-26 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1746/2026/LSGD തീയതി,തിരുവനന്തപുരം, 15-09-2026

---

പരാമർശം:-
1. 09/09/2015 ലെ GO(MS)No.276/2015/LSGD നമ്പർ ഉത്തരവ്
2. സ.ഉ.(സാധാ) നം.2138/2025/LSGD,തീയതി,29.08.2025
3. കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 25.04.2026 ലെ 2161379-2025 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റ് ഭരണപരിധിയിലുള്ള എസ്.പി.സി.എ (Society for Prevention of Cruelty to Animals) യിൽ നിന്നും 31/10/2015 ൽ ഓഫീസ് അറ്റന്റൻ്റ് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ പി രവീന്ദ്രൻ 2025-26 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിക്കുന്നതിന് ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, പഞ്ചായത്ത് സമിതി തീരുമാനം എന്നിവ സഹിതം കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ പി രവീന്ദ്രന് 2024-25 വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് പരാമർശം (2) പ്രകാരം അനുവദിച്ചിരുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന് 2025-26 സാമ്പത്തിക വർഷം എക്സ്ഗ്രേഷ്യാ അലവൻസിന് അർഹതയുള്ളതിനാൽ കോഴിക്കോട് എസ്.പി.സി.എ യിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.പി. രവീന്ദ്രന് 2025-26 സാമ്പത്തിക വർഷം ഒരു മാസത്തേക്ക് 8100/- രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്കുള്ള എക്സ്ഗ്രേഷ്യാ അലവൻസായ 97,200/- രൂപ (തൊണ്ണൂറ്റി ഏഴായിരത്തി ഇരുന്നൂറ് രൂപ മാത്രം) **'2403-00-196-50(NP)-Block Grants for Revenue Expenditure'** എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുനൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) കൂടാതെ, അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ച ടി തുക നടപ്പ് സാമ്പത്തിക വർഷ (2026-27) ത്തിൽ തന്നെ ധനപുനർവിനിയോഗം /ഉപധനാഭ്യർത്ഥന വഴി ക്രമീകരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട കൺട്രോളിങ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
3) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം
4) ശ്രീ പി. രവീന്ദ്രൻ, SPCA ഓഫീസ് അറ്റന്റന്റ് (Rtd),
(സെക്രട്ടറി,കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുഖാന്തരം)
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം )
6) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ വിങ്,ഐ & പി ആർ ഡി
8) കരുതൽ ഫയൽ (ഡി.ബി3/129/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം
Digitally signed by
Smitha. L
Date: 16-09-2026
11:21:32
സെക്ഷൻ ഓഫീസർ